സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 82-85

പാലൈ
PALAI பாலை
ISSN No: 3049-0316

# കഥയും ആഖ്യാന ശാസ്ത്രവും



**രഞ്ചു. ജി.***

**സംഗ്രഹം**

ആഖ്യാനത്തിന് നിരവധി ഘടകങ്ങളുണ്ട്. ആഖ്യാനം രൂപപ്പെടുന്നത് പലപ്പോഴും ഒരാഖ്യാതാവിൽ നിന്നും കഥ വ്യവഹാരതലത്തിലൂടെ വായനക്കാരനിലേക്ക സംക്രമിപ്പിക്കുമ്പോഴാണ്. ഒരു കഥയെ ആഖ്യാനിക്കുമ്പോൾ എന്തെല്ലാം പ്രത്യേകതകളാണ് അതിലുൾക്കൊണ്ടിരിക്കുന്നത് എന്നതാണ് ഈ പ്രബന്ധത്തിന്റെ പഠനലക്ഷ്യം. നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനഘടകങ്ങളായ കാലം, ക്രിയ, മാറ്റം എന്നിവയുമായി പൊരുത്തപ്പെടുന്നതിനുള്ള ഒരു അടിസ്ഥാന മനുഷ്യതന്ത്രമാണ് ആഖ്യാനം എന്ന അനുമാനത്തിൽ നിന്നാണ് ആഖ്യാനസിദ്ധാന്തം ആരംഭിക്കുന്നത്. ഈ അനുമാനത്തിൽ നിന്ന് ആഖ്യാനത്തിന്റെ വ്യതിരിക്തസ്വഭാവത്തെയും അതിന്റെ വിവിധ ഘടനകളെയും ഘടകങ്ങളെയും ഉപയോഗങ്ങളെയും ഫലങ്ങളെയും കൂടി ഈ പ്രബന്ധത്തിൽ പഠിക്കുന്നു.

**താക്കോൽ വാക്കുകൾ** - ആഖ്യാനം - ചെറുകഥ ഇതിവൃത്തം - സംഘട്ടനം - കഥാപാത്രങ്ങൾ - പശ്ചാത്തലം - സ്ഥലം - കാലം - ആഖ്യാന രീതി - വീക്ഷണസ്ഥാനം.

സോക്രട്ടീസ് കെ. വാലത്തു രചിച്ച കഥയാണ് റാഷമോൺ. വസ്ത്രധാരണത്തെ പറ്റി മൂന്നു തലമുറകളുടെ കാഴ്ചപ്പാടിലൂടെ വസ്ത്രസ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഒരു കഥയാണ് റാഷമോൺ. അതിൽ അമ്മൂമ്മയ്ക്കും അമ്മയ്ക്കും മകൾക്കുമുള്ള നിലപാടുകൾ വളരെ വ്യക്തമായി അവതരിപ്പിക്കുന്നു. മകളുടെ വസ്ത്രധാരണത്തെച്ചൊല്ലി നിരന്തരം അവഹേളനങ്ങൾ ഏറ്റുവാങ്ങുന്ന അമ്മ ഗവൺമെന്റ് സ്ഥാപനത്തിൽ ഉയർന്ന ഉദ്യോഗം വഹിക്കുന്നു. അമ്മയുടെ മാനസികപിരിമുറക്കം ഈ കഥയുടെ ഒരു വിഷയമാണ്. ചെറുമകളുടെ വസ്ത്രധാരണത്തിനു പ്രോത്സാഹനം കൊടുക്കുന്ന വ്യക്തിയാണ് അമ്മൂമ്മ. അവളുടെ സൗന്ദര്യത്തിലും വസ്ത്രധാരണത്തിലും ആകൃഷ്ടനാകുന്ന ദീൻ ദയാൽ എന്ന അന്യ ദേശ തൊഴിലാളി ഇതിലെ ഒരു പ്രധാന കഥാപാത്രമാണ്. അവളെ തനിക്കു ലഭിക്കില്ലെന്ന ഉത്തമബോധ്യം ഉണ്ടായിരുന്ന ദീൻ ദയാൽ അവിടെ ആക്രിപെറുക്കി നടക്കുന്ന ചട്ടുകാലുള്ള, ദേഹത്ത് അവിടെവിടെ ചുണങ്ങുള്ള വരദ എന്ന അറുപതു കഴിഞ്ഞ സ്ത്രീയെ ബലാൽസംഗത്തിന് ഇരയാക്കുന്നു. അവന്റെ കയ്യാൽ വരദ എന്ന സ്ത്രീ മരണപ്പെടുകയും ചെയ്തു. അയാൾ പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനത്തിന് ഇരയാവുന്നു. ഇങ്ങനെ നിരവധി സംഘർഷാത്മക നിമിഷങ്ങൾ വായനക്കാർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ കഥാകൃത്ത് റാഷമോൺ എന്ന കഥ ആവിഷ്കരിച്ചിരിക്കുന്നു.

* ഗവേഷക, എൻ.എസ്.എസ്. കോളേജ് നിലമേൽ

ISSN No: 3049-0316


ആഖ്യാനത്തിന്റെ പ്രധാന ഘടകമാണ് ഏതു വീക്ഷണ കോണിലൂടെയാണ് കഥാകൃത്ത് കഥ പറഞ്ഞിട്ടുള്ളത് എന്നത്. ഇവിടെ പ്രഥമ പുരുഷാഖ്യാനത്തിലാണ് റാഷമോൺ എന്ന കഥ ആഖ്യാനം ചെയ്തിരിക്കുന്നത്. കഥയുടെ തുടക്കംതന്നെ അതു വ്യക്തമാക്കുന്നുണ്ട്. "അവൾ സുന്ദരിയാണ്. അതവൾക്കും അറിയാം." അവളെക്കുറിച്ച് അതായത് കഥയിലെ പ്രധാന കഥാപാത്രത്തെക്കുറിച്ച് കഥാകൃത്ത് നൽകുന്ന വിവരണം ഇങ്ങനെയാണ്. "സൗന്ദര്യം ലോകം ഇഷ്ടപ്പെടുന്നുവെങ്കിൽ അതു പ്രദർശിപ്പിക്കുന്നതിൽ തെറ്റുണ്ടോ? ഇല്ല. വസ്ത്രം അതിനൊരു തടസ്സമാകുമോ? പാടില്ല ആകയാൽ അവൾ പിൻകഴുത്ത് നന്നായി കാണുന്ന വിധത്തിൽ ഒരു മുടിയിഴപോലും പാറിക്കിടക്കാത്ത ഹെയർ സ്റ്റൈലാണ് എപ്പോഴും സ്വീകരിക്കുക. ചുമലുകളും മുതുകും മാറിടത്തിന്റെ നൂലിഴ വിടവും സുന്ദരമാണ്. അതുകൊണ്ട് അതൊന്നും അതിരുവിട്ടു മറയ്ക്കാറില്ല. കൈ ഉയർത്തിയാൽ പൊക്കിളും രൂപപരമായ ഒതുക്കവും വെളിവാകുന്ന ഷേർട്ടുകളും ടോപ്പുകളും കക്ഷങ്ങൾ നന്നായി കാണാവുന്ന സ്ലീവ്ലസ്സും അവൾക്ക് വലിയ ഇഷ്ടമാണ് ഭംഗിയാർന്ന കണങ്കാലുകൾ വെളിപ്പെടുംവിധം കാൽമുട്ടിനു കുറച്ചു മുകളിൽനിൽക്കുന്ന വസ്ത്രങ്ങൾക്ക് മുൻഗണന നൽകുന്നതിനാൽ സാരി, ചുരിദാർ എന്നിവയൊന്നും ധരിക്കാറില്ല. ഇങ്ങനെ കഥാപാത്രത്തെയും അവളുടെ പ്രത്യേക വസ്ത്രധാരണരീതികളെയും കഥാകൃത്ത് ആവിഷ്കരിക്കുമ്പോൾ ഈ കാലഘട്ടത്തിലെ പെൺകുട്ടികളുടെ വസ്ത്രധാരണരീതിയും അതിലെ അനൗചിത്യത്തെക്കുറിച്ച് അമ്മയ്ക്കുണ്ടാകുന്ന വിഷമതകളും സമൂഹത്തിന്റെ പ്രതികരണവുമെല്ലാം നമ്മുടെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകൾക്ക് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്. കഥയിലെ മുഖ്യകഥാപാത്രമായ പെൺകുട്ടിയുടെ പ്രവൃത്തികളിലൂടെയും സ്വാതന്ത്ര്യസംബന്ധമായ ചിന്തകളിലൂടെയും ക്രമീകരിക്കപ്പെട്ട ഇതിവൃത്തഘടനയാണ് റാഷമോൺ എന്ന കഥയ്ക്കുള്ളത്. റാഷമോൺ എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങളാണ് കഥാനായികയായ പെൺകുട്ടി, അവളുടെ അമ്മ, അമ്മൂമ്മ, ദീൻ ദയാൽ എന്ന തൊഴിലാളി, വരദ എന്ന സ്ത്രീ, സർക്കിൾ ഇൻസ്പെക്ടർ സൈജു തുടങ്ങിയവർ. റേഡിയോ ജോക്കിയായ അവൾ തന്റെ ശരീര സൗന്ദര്യം പ്രദർശിപ്പിക്കുന്നതിൽ യാതൊരു സങ്കോചവും കാട്ടിയിരുന്നില്ല. ഇൻസ്റ്റാഗ്രാം പോലുള്ള നൂതനമായ സാധ്യതകൾകൂടി തന്റെ ശരീരഭംഗി വിനിമയം ചെയ്യുന്നതിനായി അവൾ ഉപയോഗിക്കാറുണ്ട് ശരീരത്തേക്കാൾ അവളുടെ തൊഴിലായ റേഡിയോ ജോക്കിയാകാൻ ശാരീരത്തിനാണ് അവൾ പ്രാധാന്യം കൊടുക്കുന്നത്. ശരീരസൗന്ദര്യം ഒരിക്കലും അവൾക്ക് സാമ്പത്തിക ലാഭത്തിന് ഉപയോഗിക്കാൻ താല്പര്യംമില്ല. സിനിമ സീരിയൽ എന്നീ മേഖലകളിലൊന്നും അവൾക്ക് തീരെ താല്പര്യവുമില്ല. എന്നാൽ ചില ഇവന്റ് ഷോകളിലും മറ്റും അവതാരികയാകാൻ കിട്ടുന്ന അവസരങ്ങളിൽ അവൾ പങ്കെടുക്കാറുമുണ്ട്. സംഗീതത്തിന്റെയും പല വർണ്ണങ്ങളിലുള്ള പ്രകാശ വിന്യാസങ്ങളുടെയും നിറവിൽ തന്റെ ദേഹസൗന്ദര്യം ഉള്ളതിലേറെ പൊലിമയോടെ പലപല മനസ്സുകളിലേക്ക് എത്തിപ്പെടുന്നത് അവൾക്ക് വലിയ കാര്യമായിരുന്നു. തന്റെ വസ്ത്രധാരണശൈലിയിലൂടെ തന്റെ ശരീരം ഒരു പ്രദർശനവസ്തുവായി തീരാറുണ്ടെന്ന് ബസ്സിലും മെട്രോയിലുമൊക്കെ സഞ്ചരിക്കുമ്പോൾ അവൾ മനസ്സിലാക്കാറുണ്ട്. എന്നാൽ അവൾക്ക് അതിൽ അലോസരമൊന്നും തോന്നിയിട്ടില്ല. അവളുടെ അഭിപ്രായം ഇങ്ങനെയായിരുന്നു "എനിക്ക് കംഫർട്ടബിൾ ആയി വസ്ത്രം ധരിക്കണം അതെന്റെ ഇഷ്ടം. ഏതൊരു കാഴ്ചയും ഇഷ്ടപ്പെടുമ്പോൾ തന്നെ അത് ആസ്വദിക്കപ്പെടുന്നുമുണ്ട്. ഭൂമിയിൽ സുന്ദരമായ ബന്ധം ആസ്വദിക്കപ്പെടാനുള്ളതാണ് എന്നാണ് അവളുടെ അഭിപ്രായം. ആസ്വാദനത്തിനപ്പുറം ആ പ്രകൃതിയിലേക്ക് അധിനിവേശം ചെയ്യാനുള്ള ശ്രമങ്ങൾ ഉണ്ടായാൽ അന്നേരംതന്നെ അവൾ രൂക്ഷമായി പ്രതികരിക്കും". ഇങ്ങനെ വ്യക്തമായ നിലപാടുകളുള്ള ഒരു പെൺകുട്ടിയെയാണ് കഥാകൃത്ത് ഇവിടെ ആഖ്യാനം ചെയ്തിരിക്കുന്നത്. ഇപ്പോഴത്തെ തലമുറയിൽപ്പെട്ട പെൺകുട്ടികളിൽ പലരും ഈ കഥാപാത്രത്തെ അനുകൂലിക്കുന്നുണ്ട്. ഇതേ രീതിയിൽ വസ്ത്രാലങ്കാരം നടത്തി നമുക്ക് മുന്നിലൂടെ കടന്നുപോകുന്ന നിരവധി പെൺകുട്ടികളിലൊരാളാണ് കഥാനായിക. വളരെ ബോൾഡായ ഒരു കഥാപാത്രത്തെ അനുകൂലിച്ചും പ്രതികൂലിച്ചും കുടുംബവും സമൂഹവും ചർച്ചയിൽ വിഷയമാകുമ്പോൾ അതൊന്നും തന്നെ ബാധിക്കുന്നില്ല എന്ന ഉത്തമബോധ്യത്തോടെ നടന്നുപോകുന്ന ഒരു പുതുതലമുറയിൽപ്പെട്ട നിലപാടുകളാണ് സോക്രട്ടീസ് കെ. വാലത്ത് ഈ കഥയിൽ ആവിഷ്കരിച്ചിട്ടുള്ളത്. സംഘർഷാത്മകത നിറഞ്ഞുനിൽക്കുന്ന ചെറുകഥയാണ് റാഷമോൺ. കഥാനായികയുടെ അമ്മയും അമ്മൂമ്മയും തമ്മിലുള്ള വാഗ്വാദം പഴയതും പുതിയതും തമ്മിലുള്ള പോരാട്ടമായി തന്നെ കഥാകൃത്ത് ആഖ്യാനിച്ചിരിച്ചിരിക്കുന്നു. കഥാനായികയുടെ എൺപത്തിയഞ്ചിൽ എത്തിയ അമ്മൂമ്മയ്ക്ക് ഈ

 ISSN No: 3049-0316 

വിഷയത്തിൽ വ്യക്തമായ നിലപാടാണുള്ളത്. അവരുടെ അഭിപ്രായത്തിൽ "അങ്ങനെയാവണം പെണ്ണുങ്ങൾ, എന്തുടുക്കണം എങ്ങനെ ഉടുക്കണം എങ്ങനെ നടക്കണം എന്നത് അവളുടെ ഇഷ്ടമാണ്." കഥാഘടന പലപ്പോഴും സംവാദരൂപത്തിലാണ പുരോഗമിക്കുന്നത്. അമ്മൂമ്മയും അവരുടെ മകളും തമ്മിലുള്ള ആശയസംഘട്ടനം ആ വീട്ടിൽ പലപ്പോഴും മുഴങ്ങി കേൾക്കാം. അമ്മൂമ്മയുടെ വാക്കുകൾ ഇങ്ങനെയാണ്. "എന്റെയൊക്കെ ചെറുപ്പകാലത്ത് സ്ത്രീകൾ കുളിച്ചിരുന്നത് പുഴവക്കിലും തോട്ടിറമ്പിലും പൊതുകുളത്തിലുമൊക്കെയായിരുന്നു. ആണുങ്ങളായ ആണുങ്ങളൊക്കെ അതിലെയും ഇതിലെയും അവരുടെ ഓരോരോ കാര്യങ്ങൾക്കുപോകും. മാറത്ത് ഒരു തോർത്ത് കഷ്ടിച്ച് വിലങ്ങനെയിട്ടു ചെല്ലമ്മ വീട്ടുവീടാന്തരം നടന്ന് ചക്കര വിറ്റിരുന്നേ. അവൾക്കന്നു പത്തു മുപ്പത്തിയഞ്ചു വയസ്സ് കാണും." അതിനു മറുപടിയായി അമ്മൂമ്മയുടെ മകൾ പറയുന്നത് അമ്മയ്ക്ക് കാലം മാറിയതൊന്നും അറിയാത്തതു കൊണ്ടാണെന്നും അമ്മയുടെ വാക്കുകേട്ടാണ് അവൾ ഇത്രയും വഷളായത് എന്നുമാണ്. പക്ഷേ അതിനും അമ്മൂമ്മയ്ക്ക് വ്യക്തമായ ഉത്തരമുണ്ട്. അവരുടെ കാഴ്ചപ്പാടിൽ സ്ത്രീകൾ മൊത്തം മൂടിപ്പുതച്ച് നടക്കാൻ തുടങ്ങിയതിൽ പിന്നെയാണ് ആണുങ്ങൾക്ക് ഭ്രാന്ത് പിടിക്കാൻ തുടങ്ങിയതെന്നാണ്. ഉദാഹരണമായി അമ്മൂമ്മയുടെ വാക്കുകൾ ഇങ്ങനെയാണ്. "എടീ, ഇന്ന് നടക്കില്ല പക്ഷേ അന്ന് അമ്മിഞ്ഞാന്ന് പറയണത് പ്രധാനമായും കുഞ്ഞിന് പാല് കൊടുക്കാനുള്ളതാ. അല്ലാതെ ആണിന് പിടിച്ച് ഞെക്കാനും ഞെരിക്കാനും മാത്രം ഉള്ളതല്ലാന്ന് അന്നത്തെ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അറിയാമായിരുന്നു" എന്നാണ്. പഴയ കാലത്തെ ഓർമ്മകൾ പിന്നീട് അമ്മൂമ്മ പറയുന്നത് അവർ സ്കൂൾ ഫൈനലിൽ പഠിക്കുന്ന കാലത്ത് ആനിവേഴ്സറിക്ക് ചീഫ് ഗസ്റ്റ് ആയിരുന്ന പ്രേം നസീറിൽ നിന്ന് പ്രൈസ് വാങ്ങിയിട്ട് പകരം അദ്ദേഹത്തിന്റെ സ്വയമ്പൻ കവിളിൽ ഉപ്പൂറ്റിയിലൂന്നി ഉയർന്നിട്ട് ഒരു ഉമ്മ കൊടുത്ത് സ്കൂളിനെയും നാട്ടാരെയും ഞെട്ടിച്ചത്, വീട്ടുകാരെ ചൊടിപ്പിച്ചത്. ഹെഡ്മിസ്ട്രസ് നടപടി എടുക്കും എന്നു പറഞ്ഞപ്പോൾ ഇതറിഞ്ഞിരുന്നേൽ അങ്ങേരെ ഒന്നൂടെ ഉമ്മ വെച്ചേനെ എന്നുപറഞ്ഞത്. ഇങ്ങനെ അമ്മൂമ്മയുടെ പഴയകാല ഓർമ്മകളിലൂടെയുള്ള ആഖ്യാനത്തിലൂടെ കഥ വികസിക്കുന്നതും കാണാവുന്നതാണ്. വർത്തമാനകാലം_ ഭൂതകാലം_ വർത്തമാനകാലം എന്നിങ്ങനെ ക്രമീകരിക്കപ്പെട്ട കാലാടിസ്ഥാനത്തിലാണ് കഥ പുരോഗമിക്കുന്നത്. കഥയുടെ ആന്തരികസത്തയെ നിർണയിക്കുന്ന ക്രിയകളിൽ പ്രധാനപ്പെട്ടതായിരുന്നു ദീൻദയാൽ എന്ന അന്യദേശ തൊഴിലാളി അവളുടെ ആകാര ഭംഗിയിൽ ആകൃഷ്ടനാകുന്നതും അവൾ തന്റെ കാഴ്ചയിൽ നിന്നു മറയുമ്പോൾ അവൻ ഹൃദയത്തിന്റെ ചുവരിൽ ചോര വരുംവരെ തലയിട്ടടിച്ച് ഉറക്കെ കരയുന്നതും തന്നെപ്പോലെ ഒരുവന് തീർത്തും അപ്രാപ്യമായ സൗഭാഗ്യം ഇങ്ങനെ കൺമുന്നിൽ കാണിച്ച് എന്തിനാണ് ഇങ്ങനെ വിഷമിപ്പിക്കുന്നത് എന്നും അവൻ ദൈവത്തോട് നെഞ്ചുരുകി പ്രാർത്ഥിക്കുന്നതും. അവൻ കഥാപാത്രങ്ങളിലൂടെയും ക്രിയകളിലൂടെയും സംഭാഷണങ്ങളിലൂടെയുമാണ് കഥ തുടരുന്നത്. കഥയേക്കാൾ പ്രാധാന്യം കഥാപാത്രങ്ങൾക്കു നൽകുന്ന കാഴ്ചയും റാഷമോൺ എന്ന കഥയുടെ പ്രത്യേകതയും കഥാകൃത്തിന്റെ ആഖ്യാനതന്ത്രങ്ങളിൽ ഒന്നുമാണ്. ദീൻദയാൽ എന്ന കഥാപാത്രം അവളറിയാതെ അവളെ നിഗൂഢമായി പ്രണയിക്കുന്ന ഒരു അന്യദേശ തൊഴിലാളിയായിരുന്നു. അവൾ ഏതൊക്കെ ദിവസങ്ങളിലാണ് അതുവഴി കടന്നുപോകുന്നതെന്നും പോകാത്തതെന്നും അയാൾ കണ്ടെത്തി. ഒരു ദിവസം അവൾ ഞായറാഴ്ച ആ വഴി പോകുന്നുണ്ടോ എന്നറിയാൻ അയാൾ വർക്ക് സൈറ്റിൽ വരുകയും ആ വഴി അവൾ കടന്നു പോകുകയും ചെയ്തു. പതിവുപോലെ കഴുത്തില്ലാത്ത ചുവന്ന ഇറുക്കമുള്ള ടീഷർട്ടിൽ അവൾ ആകെ നിറഞ്ഞു കുമിഞ്ഞു കവിയുമ്പോൾ ദീൻ ദയാൽ സ്വന്തം പരിമിതികളോർത്തു നിസ്സഹായനായി അലറി കരയുകയാണുണ്ടായത്. അവൾ ഒന്നുമറിയാതെ മന്ദസ്മിതത്തോടുകൂടി നടന്നകലുകയും ചെയ്തു. ഇതേസമയം അവന്റെ ശ്രദ്ധ പതിച്ചത് ആക്രി പെറുക്കി നടക്കുന്ന കോങ്കണ്ണും ചട്ടുകാലുമുള്ള ദേഹത്ത് അവിടവിടെ ചുണങ്ങുമുള്ള വരദ എന്ന അറുപതു കഴിഞ്ഞ സ്ത്രീയിലായിരുന്നു. ആ സ്ത്രീയിൽ അവൻ കഥാനായികയുടെ ശരീരഭാഗങ്ങൾ ഒരു മതിഭ്രമത്താൽ എന്നപോലെ കാണുകയും അവൻ എന്നും കാണാറുള്ള അവളുടെ ശരീരഭംഗികൾ ജ്വലിച്ചുനിൽക്കുന്നതായി അനുഭവപ്പെടുകയും അവരെ അയാൾ കീഴ്പ്പെടുത്തുകയും കൊല്ലുകയും ചെയ്തു. വളരെ വ്യത്യസ്തമായ രീതിയിലാണ് റാഷമോൺ എന്ന കഥയുടെ ഇതിവൃത്തം രൂപപ്പെടുത്തിയിരിക്കുന്നത്. വായനക്കാരനെ ആകാംക്ഷാഭരിതനാക്കുന്ന നിരവധി നിമിഷങ്ങൾ ഈ കഥയിൽ ആഖ്യാതാവ് അവതരിപ്പിച്ചിരിക്കുന്നു. ഒന്നിനുപുറകെ ഒന്നായി നിൽക്കുന്ന ഒട്ടേറെ സംഭവങ്ങൾ ഈ കഥയിൽ ആഖ്യാനിച്ചിരിച്ചിരിക്കുന്നു. ക്രിയാതലത്തിലേക്ക് വികസിക്കുന്ന

ISSN No: 3049-0316


വയാണ് ഈ സംഭവങ്ങളിൽ പലതും. ആദിമധ്യാന്ത പൊരുത്തം കഥാകൃത്ത് ഈ കഥയിൽ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമായി കഥാനായകനെക്കുറിച്ചുള്ള വർണ്ണനയിൽ തുടങ്ങി അമ്മയും അമ്മൂമ്മയും തമ്മിലുള്ള വാഗ്വാദത്തിലൂടെ ദീൻദയാൽ എന്ന കഥാപാത്രത്തിന്റെ പ്രണയം കാമത്തോടടുക്കുമ്പോൾ വരദ എന്ന പ്രായമായ സ്ത്രീ പീഡനത്തിനിരയാവുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. കഥയുടെ അവസാന ഭാഗത്തേക്കെത്തുമ്പോൾ ദീൻദയാൽ എന്ന കഥാപാത്രത്തെ പോലീസ് പിടിക്കുകയും ചോദ്യം ചെയ്യുന്നതിനിടയിൽ സർക്കിൾ ഇൻസ്പെക്ടർ സൈജുവിനോട് അയാൾ പറഞ്ഞ കാര്യങ്ങളെല്ലാം രാത്രി സർക്കിൾ ഇൻസ്പെക്ടർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ കാര്യങ്ങൾ വിശദീകരിച്ചിട്ട് കുറുപ്പ് ഇങ്ങനെയായിരുന്നു "ക്രൈമിന് സാഹചര്യം ഒരുക്കുന്നതും ക്രൈം തന്നെ". എന്നാൽ ഇതിനെ ഖണ്ഡിച്ചുകൊണ്ട് സി.ഐ. സാഹിർ ഇങ്ങനെ എഴുതി. "റാഷമോൺ എന്ന സിനിമയിൽ നായികയുടെ മുഖാവരണം തെല്ല് നീങ്ങിയപ്പോൾ തെളിഞ്ഞ പാതി നെറ്റി കണ്ടിട്ടു മാത്രമാണ് ആ കൊള്ളക്കാരൻ അവളെ റേപ്പ് ചെയ്തത് അതിനുമുമ്പ് അയാൾ അവളുടെ ശരീരത്തിന്റെ മറ്റൊരു ഭാഗവും കണ്ടിട്ടില്ല. എല്ലാം മറച്ചാൽ പിന്നെ സ്ത്രീശരീരം ആരെയും പ്രലോഭിപ്പിക്കില്ല എന്ന സൈജു സാറിന്റെ വാദം തെറ്റാണെന്നതിനു വേറെ തെളിവു വേണ്ടല്ലോ." സർക്കിൾ പി.കെ. സിനിയും കമന്റിട്ടത് ഇപ്രകാരമാണ്. "കാഴ്ചയിൽ അല്ല കാഴ്ചപ്പാടിലാണ് തിരുത്തു വേണ്ടത്". ഇതിനെതിരായി എതിർത്തും അനുകൂലിച്ചും കാഴ്ചപ്പാടുകളുണ്ടായി. റാഷമോൺ എന്ന കഥയിലെ സുപ്രധാനമായ സംഭവങ്ങളും കഥയുടെ പ്രമേയവുമൊക്കെ വിശകലനം ചെയ്യപ്പെടുന്നത് കഥയുടെ ഈ ഭാഗത്താണെന്നു മനസ്സിലാക്കാം. ഇതൊന്നും അറിയാതെ പതിവുപോലെ ആ കൊല നടന്ന ഫ്ലാറ്റിനുമുന്നിൽ കൂടി സുന്ദരിയായി അവൾ നടന്നുപോവുകയും ചെയ്തു. പോലീസ് കെട്ടിവെച്ചിരുന്ന പ്ലാസ്റ്റിക് നാട അഴിഞ്ഞുവീണു കിടന്നിരുന്നു.അത് അവളുടെ കാലുകളിൽ കുരുങ്ങി. അതിലെ ഇംഗ്ലീഷ് അക്ഷരങ്ങൾ അലസമായിട്ടൊന്നു വായിച്ചിട്ട് കാലുകൊണ്ട് അത് കുടഞ്ഞുമാറ്റി അവൾ മുന്നോട്ടുപോയി എന്നു പറയുന്നിടത്ത് കഥ അവസാനിക്കുന്നു. വ്യത്യസ്ത നിലപാടുകളും താല്പര്യങ്ങളും ആത്മദാഹങ്ങളും നൊമ്പരങ്ങളുമുള്ള കഥാപാത്രങ്ങളെക്കൊണ്ട് സമ്പന്നമാണ് റാഷമോൺ എന്ന കഥ. സംഭവങ്ങളോട് കഥാപാത്രങ്ങൾ പൂർണമായി നീതിപുലർത്തുന്ന രീതിയിലാണ് ഈ കഥ ആഖ്യാനിച്ചിരിക്കുന്നത്. ഈ കഥയിൽ കഥാപാത്രങ്ങൾക്കും തുല്യ പ്രാധാന്യമാണുള്ളത്.

സ്ഥലകാലങ്ങൾക്ക് ഈ കഥയിൽ സവിശേഷമായ സ്ഥാനമുണ്ട്. കഥയിലെ നായിക താമസിക്കുന്ന റസിഡൻഷ്യൽ ഏരിയ, അവളുടെ അമ്മയുടെ ജോലിസ്ഥലം, അമ്മൂമ്മ പഠിച്ചിരുന്ന കാലത്തെ സ്കൂൾ പരിസരം, ദീൻ ദയാൽ എന്ന അന്യദേശ തൊഴിലാളി പണിയെടുക്കുന്ന തെരുവോരത്തെ മൂന്നു നിലയുള്ള ഫ്ലാറ്റ്, മെട്രോ സ്റ്റേഷനിലെ തിരക്ക്, അവൾ നടന്നുപോകുന്ന നഗര പരിസരം, കൂടാതെ റേഡിയോ ജോക്കിയായിരുന്ന അവളുടെ എഫ്.എം. സ്റ്റേഷനിലെ അന്തരീക്ഷം, ഇൻസ്റ്റാഗ്രാം പോലുള്ള നൂതനമായ സാധ്യതകൾ ഇങ്ങനെ ഈ കഥയിൽ നിരവധി സ്ഥലങ്ങൾ ആഖ്യാതാവ് അടയാളപ്പെടുത്തുന്നുണ്ട്. വർത്തമാനകാലത്തിൽ കഥ ആരംഭിച്ച് ഭൂതകാലത്തിൽ അവളുടെ അമ്മൂമ്മയുടെ ഓർമ്മകളിൽ കൂടി കാലം സഞ്ചരിച്ച് വീണ്ടും വർത്തമാനകാലത്തിൽ എത്തിച്ചേരുന്ന രീതിയിലാണ് ഈ കഥയിൽ കാലത്തെ കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നത്. കഥാനായിക കഥയുടെ വളർച്ചയിൽ മുഖ്യപങ്ക് വഹിക്കുന്നതോടൊപ്പമാണ് കഥയുടെ ആഖ്യാനവും വളരുന്നത്. വ്യവഹാരതലം കുറച്ചു സങ്കീർണ്ണമാണെങ്കിലും പറയുവാനുള്ള കഥ വളരെ ശക്തവും സുതാര്യവുമായ ഭാഷയിൽ ഭാവസംവേദന ക്രമമായും ദൃശ്യാത്മകമായും ആഖ്യാനം ചെയ്യുകയാണ് റാഷമോൺ എന്ന കഥയിലൂടെ സോക്രട്ടീസ് കെ വാലത്ത് ആഖ്യാനം ചെയ്തിരിക്കുന്നത്.

## ഗ്രന്ഥസൂചി

1. ജിതേഷ്. ടി. ഡോ. ആഖ്യാനശാസ്ത്രം, ആത്മ ബുക്സ്, കോഴിക്കോട്, പുസ്തകലോകം, 2017
2. രാധാകൃഷ്ണൻ നായർ ഡി., ആഖ്യാനവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
3. വിജയൻപിള്ള, എം., ഡോ. നോവലും ആഖ്യാന കലയും, പച്ച മലയാളം പബ്ലിക്കേഷൻസ്, കൊല്ലം. 2007